# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ വൈജ്ഞാനിക- സർഗാത്മക- വൈകാരിക- ഭാഷാ മേഖലകളിൽ വികാസം പരിഗണിച്ചാണ് സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികളുടെ വ്യത്യസ്ത ശേഷികൾ തിരിച്ചറിഞ്ഞ് സന്തോഷപ്രദമായ വികാസമാണ് ഈ വർഷത്തെ സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്കുറപ്പാക്കുന്നതിനും അക്കാദമിക മികവ് വിളിച്ചോതുന്നതിനും സഹായകമായ തരത്തിൽ പ്രാദേശിക സാഹചര്യം കൂടി ഉൾക്കൊണ്ടാണ് സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ പ്ലാൻ സ്കൂളിന്റെ പ്രധാന രേഖയാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ കൃത്യമായി നടപ്പിലാക്കാൻ സഹായമാകും വിധം അക്കാദമിക് കലണ്ടർ കൂടി തയ്യാറാക്കിയിട്ടുണ്ട്.

# പ്രവർത്തന ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സൗഹൃദപരമായതും ശിശു കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

- കുട്ടികളുടെ പഠനതാൽപര്യത്തെയും വ്യക്തിത്വ വികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാര ബോധന പ്രക്രിയകൾ നടത്തുക.

- നിരന്തര മൂല്യനിർണയ പ്രക്രിയ ചിട്ടപ്പെടുത്തുക. (CE)

- കുട്ടികൾ അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

- LSS പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുകയും പൊതുജന പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

- ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക

- പഠന കാര്യത്തിലും പഠനാനുബന്ധ രംഗത്തും രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

- ദിനാചരണങ്ങൾ അക്കാദമിക ലക്ഷ്യത്തോടെ സംഘടിപ്പിക്കുക.

- പദ്ധതികൾക്ക് ആകർഷകമായ പേരുകൾ നൽകുക. ഈ പദ്ധതികളിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, English, അറബിക് ഭാഷകളിൽ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള അടിസ്ഥാന ശേഷി കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

മുഴുവൻ അധ്യാപകരുടെയും
പിന്തുണയോടെ അക്കാദമിക
ഉണർവ് സൃഷ്ടിക്കുക.

- മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ പിന്തുണയും പ്രത്യേക പരിഗണനയും പരിശീലന ക്ലാസും നൽകുക.

- ക്ലാസ് - സ്കൂൾ - ടീച്ചേഴ്സ് - മദേഴ്സ് ലൈബ്രറികൾ സജീവമാക്കുക.

- പാഠഭാഗവുമായി ബന്ധപ്പെടുത്തി പഠനയാത്രയും ഫീൽഡ്ട്രിപ്പും സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠിക്കുന്നതിനുള്ള അവസര ഒരുക്കുക.

- അക്കാദമിക കാര്യങ്ങൾക്ക് വേണ്ടി സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തുക.

- ക്ലബ്ബ് പ്രവർത്തനങ്ങളിലും വളണ്ടിയർ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക.

- സ്കൂൾ - സബ്ജില്ലാ തല കലോത്സവ, കായിക, പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

- മികവുകൾ സമൂഹത്തിൽ എത്തിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.

- അക്കാദമിക വർഷത്തിന്റെ അവസാനം പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

- അക്കാദമിക മികവാണ് സ്കൂളിന്റെ മികവ് എന്ന ധാരണ ഉറപ്പിക്കുക.

- ഓരോ മേഖലയിലെയും പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത് അക്കാദമിക വർഷത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് സ്കൂളിന്റെ ഒരു വർഷത്തെ തനതു പ്രവർത്തനമായി സംഘടിപ്പിക്കുക.

## ജൂൺ

1- എല്ലാ ക്ലാസിലും പ്രീ-ടെസ്റ്റ്-പോസ്റ്റ് ടെസ്റ്റ്

ജൂൺ ആദ്യവാരം തന്നെ എല്ലാ ക്ലാസുകളിലും പ്രീ-ടെസ്റ്റ് നടത്തും. പ്രീ-ടെസ്റ്റിനെ മാനദണ്ഡമാക്കി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തും. അവരുടെ പഠനവിടവ് കണ്ടെത്തി പ്രത്യേക പരിശീലനം നൽകും. തുടർന്ന് പോസ്റ്റ് ടെസ്റ്റ് നടത്തും. ഈ അക്കാദമിക വർഷത്തിൽ ഉച്ചയ്ക്ക് 1:30 മുതൽ 2:00 മണിവരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി നടത്തപ്പെടുന്ന 'അക്ഷര ക്ലാസ്' ഈ വർഷത്തെ തനതു പ്രവർത്തനങ്ങളിൽ ഒന്നായി തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ ദിവസവും എല്ലാ ക്ലാസുകളിലും പ്രസ്തുത സമയത്ത് അക്ഷര ക്ലാസ് നടക്കും. (2 മുതൽ 4 വരെയുള്ള ക്ലാസുകളിൽ). അക്ഷര ക്ലാസുകൾക്ക് അതതു ക്ലാസ് അധ്യാപകർ തന്നെ നേതൃത്വം നൽകും. അക്ഷര ക്ലാസുകൾക്കായ് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി നടപ്പിലാക്കും.

## 2. പ്രതിവാര പ്രശ്നോത്തരി:

ജൂൺ രണ്ടാം വാരം മുതൽ പ്രതിവാര പ്രശ്നോത്തരി നടത്തും. എല്ലാ വെള്ളിയാഴ്ചകളിലും 5 ജനറൽ നോളജ് ചോദ്യങ്ങൾ പ്രദർശിപ്പിക്കും. കുട്ടികൾ അവ പകർത്തിയെഴുതും. തിങ്കളാഴ്ച സ്കൂളിന് മുന്നിൽ സജ്ജീകരിച്ച ഉത്തരപ്പെട്ടിയിൽ ഉത്തരം കണ്ടെത്തിയെഴുതിയവ നിക്ഷേപിക്കും. തിങ്കളാഴ്ചയിലെ ജനറൽ അസംബ്ലിയിൽ വെച്ച് മുഴുവൻ ശരിയായവരിൽ നിന്ന് നറുക്കെടുത്ത് വിജയിക്ക് സമ്മാനം വിതരണം ചെയ്യും. 5 ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും അസംബ്ലിയിൽ പരിചയപ്പെടുത്തും. ഓരോ ആഴ്ചയിലെയും ചോദ്യങ്ങളും ഉത്തരങ്ങളും കുട്ടികൾ പ്രത്യേക നോട്ടിൽ രേഖപ്പെടുത്തും. 3 മാസങ്ങളിലൊരിക്കൽ ഇവയെ അടിസ്ഥാനമാക്കി മെഗാ ക്വിസ് മത്സരം നടത്തും. മെഗാ ക്വിസ് മത്സര വിജയികൾക്ക് മികച്ച സമ്മാനം വിതരണം ചെയ്യും.

3. ത്രിഭാഷാ അസംബ്ലികൾ:

എല്ലാ തിങ്കളാഴ്ചയും പൊതു അസംബ്ലി സംഘടിപ്പിക്കും. പ്രസ്തുത അസംബ്ലിയിൽ മലയാള ഭാഷയ്ക്ക് പ്രാധാന്യം നൽകും. കുട്ടികളുടെ മികച്ച ഡയറിയെഴുത്ത്, അവരുടെ വേറിട്ട സൃഷ്ടികൾ എന്നിവ അവതരിപ്പിക്കാനും പ്രദർശിപ്പിക്കാനും അവസരം നൽകും. ഇംഗ്ലീഷ്- അറബിക് ഭാഷകളിൽ കമ്മ്യൂണിക്കേഷൻ, വൊക്കാബുലറി എന്നിവ വർധിപ്പിക്കാനും വിവിധ ഇനങ്ങളിൽ അവരുടെ പ്രകടനം കാഴ്ച വെക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും എല്ലാ ബുധനാഴ്ചകളിലും ഇംഗ്ലീഷ് അസംബ്ലിയും എല്ലാ വെള്ളിയാഴ്ചകളിലും അറബിക് അസംബ്ലിയും സംഘടിപ്പിക്കും. എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്നതിനായി ഓരോ ആഴ്ചകളും ഓരോ ക്ലാസിന്റെയും അസംബ്ലിയാണ് നടക്കുക. കുട്ടികൾ തന്നെ നേതൃത്വം നൽകുന്ന വിധത്തിൽ സ്വയം നിയന്ത്രിത അസംബ്ലിയാണ് സംഘടിപ്പിക്കുക.

# ജൂലൈ

1. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്:

കേരള സർക്കാരിന്റെ പാഠ്യപദ്ധതിയിലെ ഇംഗ്ലീഷ് പാഠഭാഗത്തിന് പുറമേ നമ്മുടെ പ്രദേശത്തെ പൊതുവികാരം മാനിച്ച് കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ നല്ല രീതിയിൽ സംസാരിക്കാനുള്ള അവസരം സൃഷ്ടിക്കുന്നതിനായി പ്രത്യേക സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് എല്ലാ ക്ലാസുകളിലും സംഘടിപ്പിക്കും. പ്രസ്തുത ക്ലാസിനായി ഒരു പിരിയഡ് നീക്കിവെച്ച് പ്രത്യേക ടീച്ചറെ നിയമിച്ചാണ് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യുന്നത്.
സ്പോക്കൺ ഇംഗ്ലീഷ് ക്ലാസിന് താൽപര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളിൽ നിന്ന് നിശ്ചിത തുക സമാഹരിച്ചാണ് അതിനായി നിയമിച്ച അധ്യാപികയ്ക്ക് വേതനം നൽകുന്നത്. അത് വഴി കുട്ടികളിൽ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ വർധിക്കുകയും ഭാവിയിലേക്ക് അതൊരു മുതൽക്കൂട്ടാവുകയും ചെയ്യും.

2. ശുചിത്വ നിരീക്ഷണം:

രണ്ടാഴ്ചയിലൊരിക്കൽ ഏതെങ്കിലൊരു ദിവസം മുന്നറിയിപ്പൊന്നുമില്ലാതെ ശുചിത്വ ക്ലബ്ബ് അംഗങ്ങൾ എല്ലാ ക്ലാസുകളും സന്ദർശിക്കുന്നു. കുട്ടികളുടെ വ്യക്തിശുചിത്വം, ക്ലാസ് മുറിയുടെ വൃത്തി, ക്ലാസ് ലൈബ്രറിയുടെ അടുക്കും ചിട്ടയും മുതലായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ശുചിത്വ ക്ലബ്ബ് അംഗങ്ങൾ ക്ലാസുകൾ നിരീക്ഷിക്കുന്നു. ഓരോ ക്ലാസിനും അർഹമായ മാർക്ക് നൽകി ഏറ്റവും കൂടുതൽ മാർക്ക് നേടിയ ക്ലാസിന് അസംബ്ലിയിൽ വെച്ച് റോളിംഗ് ട്രോഫി നൽകുന്നു. SRG കൺവീനർ, ശുചിത്വ ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപകർ, സ്കൂൾ ലീഡർ, ഓരോ തവണയും ശുചിത്വ ക്ലബ്ബിലെ അംഗങ്ങളിൽ നിന്നും ഓരോ കുട്ടിയുമാണ് ശുചിത്വ നിരീക്ഷണം നടത്തുന്ന സ്ക്വാഡ് അംഗങ്ങൾ. പ്രസ്തുത പ്രവർത്തന പദ്ധതി നടപ്പിലാക്കുന്നതിലൂടെ കുട്ടികളുടെ വ്യക്തിശുചിത്വമടക്കമുള്ള ശുചിത്വബോധം ശീലിക്കാൻ സഹായകമാകുന്നു.

3. ഐ.ടി. പരിശീലന ക്ലാസ്:

വിവര സാങ്കേതിക വിദ്യയിൽ കുട്ടികളുടെ ശേഷികൾ വർധിപ്പിക്കാനും കുട്ടികളിൽ അവയുടെ നിപുണത സൃഷ്ടിക്കാനും എല്ലാ ക്ലാസുകളിലും ഐ.ടി. പരിശീലന ക്ലാസ് നടത്തും. ഒന്ന്, രണ്ട് ക്ലാസുകൾക്ക് എല്ലാ വ്യാഴാഴ്ചയും 3, 4 ക്ലാസുകൾക്ക് എല്ലാ വെള്ളിയാഴ്ചയുമാണ് ഐ.ടി. പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നത്. പ്രോജക്ടറുടെ സഹായത്തോടെ അതതു ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ പ്രസ്തുത ക്ലാസ് കൈകാര്യം ചെയ്യും.

കളിപ്പെട്ടി (PLAY BOX) യുടെയെ അടിസ്ഥാനമാക്കിയാണ് ഐ.ടി. പരിശീലന ക്ലാസ്.

# ആഗസ്റ്റ്

## 1. ഹിസ്റ്റോറിയം മ്യൂസിയം:

നിലവിൽ നമ്മുടെ സ്കൂളിൽ ലഭ്യമായ പുരാതന ഉപകരണങ്ങൾക്ക് പുറമേ സാധ്യതകൾ കണ്ടെത്തി വസ്തുക്കളുടെ എണ്ണം വർധിപ്പിച്ച് ഹിസ്റ്റോറിയം മ്യൂസിയം സ്ഥാപിക്കും. അതിന്റെ ഉദ്ഘാടനം ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കും.

ഭസ്മക്കൊട്ട, വൽപാത്രങ്ങൾ, അമ്മി, സ്പിരിറ്റ് ഗ്ലാസ്, കോപ്പ, തൊട്ടിൽ, വാതിലിന്റെ സാക്ഷ, തന, പറകൾ, ചിമ്മിനി വിളക്ക് എന്നിവ നമ്മുടെ സ്കൂളിൽ ലഭ്യമാണ്. പുരാതന വസ്തുക്കളെയും ഉപകരണങ്ങളെയും കുട്ടികളെ പരിചയപ്പെടുത്തുകയും അതു വഴി കുട്ടികളിലേക്ക് എത്തിക്കാവുന്ന അറിവുകൾ കുട്ടികളിൽ നിർമ്മിക്കുകയെന്നത് ഹിസ്റ്റോറിയം മ്യൂസിയം സഹായമാകുന്നു. പുരാതന ചരിത്രങ്ങൾ ചാർട്ടീകരിച്ച് മ്യൂസിയത്തിൽ അവ പ്രദർശിപ്പിക്കുകയും ചെയ്യും.

2. ഫീൽഡ് ട്രിപ്പ്

മൂന്ന്, നാല് ക്ലാസുകളിൽ അവരുടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു അതു വഴി പാഠഭാഗവുമായി ബന്ധപ്പെട്ടവ കുട്ടികൾ അനുഭവത്തിലൂടെ മനസ്സിലാക്കുന്നു എന്നതാണ് ഫീൽഡ് ട്രിപ്പിന്റെ നേട്ടം.

3. ഹരിതസമൃദ്ധം:

കൃഷിഭവനിൽ നിന്നും മറ്റും വിത്തുകളും ഗ്രോബാഗുകളും ശേഖരിച്ച് നമ്മുടെ സ്കൂളിന്റെ പുതിയ ബ്ലോക്കിനു മുകളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കും. രഞ്ജിത്ത് മാസ്റ്റർ, ഷീജ ടീച്ചർ, ശ്രീജ ടീച്ചർ എന്നിവർ SRG യോഗത്തിൽ ചുമതല ഏറ്റെടുത്തു. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം.

# ദിനാചരണങ്ങൾ

## ജൂൺ

### 5 - പരിസ്ഥിതി ദിനം

പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി പരിസ്ഥിതി ക്വിസ് മത്സരം സംഘടിപ്പിക്കും. രണ്ട് ദിവസം മുമ്പ് 200 ചോദ്യോത്തരങ്ങൾ ഉൾക്കൊള്ളുന്ന pdf file സ്കൂൾ വാട്സ് ആപ്പ് ഗ്രൂപ്പിൽ (ക്ലാസ് തലം) അയക്കും. നിശ്ചിത ചോദ്യങ്ങളിൽ നിന്ന് 20 ചോദ്യങ്ങൾ ക്വിസ് മത്സര ചോദ്യങ്ങളിൽ ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കും. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ക്ലാസ് തല പതിപ്പ് നിർമ്മാണം നടത്തും. കുട്ടികളോട് അവരുടെ വീട്ടിലെ അടുക്കള തോട്ടത്തിൽ വൃക്ഷത്തൈ നടുന്ന ഫോട്ടോ അയക്കാൻ നിർദ്ദേശിക്കുകയും തുടർന്ന് യോജിപ്പിച്ചുകൊണ്ട് റീൽ ക്രിയേറ്റ് ചെയ്യും. ഉദുമ ഗ്രാമപഞ്ചായത്ത് മെമ്പർ കസ്തൂരി ബാലൻ, PTA പ്രസിഡന്റ് ജഗദീഷ് ആറാട്ടുകടവ് തുടങ്ങിയവർ ജൂൺ 5 ന് സ്കൂൾ മുറ്റത്ത് വൃക്ഷത്തൈ നട്ട് പരിപാടിക്ക് ഉദ്ഘാടനം ചെയ്യും. അസംബ്ലിയിൽ പരിസ്ഥിതിദിന സന്ദേശം പ്രധാനാധ്യാപിക നൽകും. തുടർന്ന് അവയുടെ പ്രാധാന്യം ക്ലാസുകളിൽ അധ്യാപകർ നൽകും.

19- വായനാദിനം:

വായനാവാരാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

ജൂൺ-19 : ഉദ്ഘാടന സമ്മേളനം
ഉദ്ഘാടക: സ്വപ്നി മോൾ ബെന്നി
(യുവകവിയത്രി)

ജൂൺ-20 : പുസ്തക പ്രദർശനം
ഉദ്ഘാടനം: ജസ്റ്റിൻ അന്നക്കുട്ടി
(PTA പ്രസിഡന്റ്)

ജൂൺ-21 : ദിനപത്രക്വിസ് മത്സരം
നേതൃത്വം: സജീം മാസ്റ്റർ
(SRG കൺവീനർ)

ജൂൺ - 26 : ക്ലാസ്തല ശ്രാവ്യ വായനാ മത്സരം
(std 3, 4 ക്ലാസുകൾക്ക്)
: നേതൃത്വം: ക്ലാസ് അധ്യാപകർ

ജൂൺ - 27 : വായനാ മത്സരം (സ്കൂൾതലം)
വിധികർത്താക്കൾ: ഷീന (MPTA പ്രസിഡന്റ്)
: (ഷീല - ഗേ.പി) (MPTA [illegible])

ജൂലൈ 02 : ലൈബ്രറി സന്ദർശനം
നേതൃത്വം: പി. അജം ടീച്ചർ (HM)

ജൂലൈ 03 : രക്ഷിതാക്കൾക്കുള്ള
ആസ്വാദനക്കുറിപ്പ്
രചനാ മത്സരം
വിധികർത്താവ്: